**പതിമൂന്നാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1488

02/07/2015 - മറുപടിക്ക്

ഞാറക്കൽ ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.ശർമ്മ | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) ഞാറക്കൽ ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ജിഡയിൽ നിന്നും അഞ്ചു കോടി രൂപ അനുവദിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ അനുവദിച്ചതെന്നാണെന്നും ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ; (സി) പ്രവൃത്തി നടപ്പാക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടാണെന്നും ആയതിനുള്ള തടസ്സങ്ങളെന്തെന്നും പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്നും വ്യക്തമാക്കാമോ? | (ബി) & (സി) ജിഡ ജനറൽ കൗൺസിലിന്റെ 01.02.11 ൽ കൂടിയ 25-ാമത് യോഗം ഈ പദ്ധതിക്ക് അംഗീകാരം നൽകി. ഈ പദ്ധതിക്കായി ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് എന്ന സ്ഥാപനം സമർപ്പിച്ച 5 കോടി രൂപയുടെ എസ്റ്റിമേറ്റിൽ മാറ്റം വരുത്തുന്നതിന് 20.01.14 ൽ കൂടിയ യോഗം ടി ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണം മൂന്ന് നിലകളിൽ നിന്നും രണ്ട് നിലകളിലായി പരിമിതപ്പെടുത്തുന്നതിന് തീരുമാനിക്കുകയും ആയത് പ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ്, റിവൈസ്ഡ് സ്ട്രക്ചറൽ ഡിസൈൻ എന്നിവ തയ്യാറാക്കി നൽകുവാൻ ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിരുന്നു. ആയത് ലഭിയ്ക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.